## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1520** **30-08-2022 - ൽ മറുപടിയ്ക്ക്**

## വ്യക്തിയെ കാണാനില്ലെന്ന സാക്ഷ്യപത്രം അനുവദിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ താലൂക്കിലെ കാട്ടിപ്പരുത്തി വില്ലേജിൽ തൊഴവാന്നൂർ ദേശം ചോലയിൽ വീട്ടിൽ അബ്ദുൽ ഹമീദ്, അദ്ദേഹത്തിന്റെ സഹോദരൻ ഖാദർ എന്ന വ്യക്തിയെ കാണാനില്ലെന്ന സാക്ഷ്യപത്രം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ സെക്രട്ടറി, മലപ്പുറം ജില്ലാ കളക്ടർ, തിരൂർ റവന്യൂ ഡിവിഷൻ ഓഫീസർ എന്നിവർക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | **റവന്യൂ സെക്രട്ടറി, മലപ്പുറം ജില്ലാ കളക്ടർ, തിരൂർ റവന്യൂ ഡിവിഷൻ ഓഫീസർ എന്നിവരെ അഡ്രസ് ചെയ്ത് തിരൂർ താലൂക്കിലെ കാട്ടിപ്പരുത്തി വില്ലേജിൽ തൊഴവാന്നൂർ ദേശം ചോലയിൽ വീട്ടിൽ അബ്ദുൽ ഹമീദ് മലപ്പുറം, ജില്ലാ കളക്ടർക്ക് ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത അപേക്ഷ അദ്ദേഹത്തിന്റെ സഹോദരൻ ഖാദർ എന്ന വ്യക്തിയെ കാണാനില്ലെന്ന സാക്ഷ്യപത്രം അനുവദിക്കുന്നതുമായി ബന്ധപ്പെട്ടതായിരുന്നില്ല. മറിച്ച് മരിച്ച വ്യക്തിയുടെ സ്വത്ത് കൈമാറ്റം സംബന്ധിച്ചുള്ളതായിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ മലപ്പുറം, ജില്ലാകളക്ടർ DCMPM/11132/21-G6 നമ്പർ ഫയലിൽ നടപടി സ്വീകരിച്ച് 15/11/2021 ൽ തുടർ നടപടിക്കായി തിരൂർ, റവന്യൂ ഡിവിഷണൽ ഓഫീസർക്ക് കൈമാറുകയും, തിരൂർ, റവന്യൂ ഡിവിഷണൽ ഓഫീസർ പ്രസ്തുത അപേക്ഷ പരിശോധിച്ച് സഹോദരനെ കാണാതായത് സംബന്ധിച്ച് സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്.എച്ച്.ഒ) മുമ്പാകെ പരാതിപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കുവാൻ അപേക്ഷകന് കത്ത് നൽകുകയുമുണ്ടായി. പ്രസ്തുത രേഖകൾ നാളിതു വരെ ഹാജരാക്കാത്തതിനാൽ ടി അപേക്ഷയിന്മേൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഖാദർ എന്ന വ്യക്തിയെ കാണാനില്ലെന്ന സാക്ഷ്യപത്രം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധന നടത്തി ആവശ്യപ്പെട്ട കാര്യം ശരിയെന്ന് ഉറപ്പുവരുത്തി സാക്ഷ്യപത്രം അനുവദിക്കുന്നതാണ്.** |
| (ബി) | പ്രസ്തുത സാക്ഷ്യപത്രം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം എന്തെന്ന് വിശദമാക്കുമോ; സാക്ഷ്യപത്രം | (ബി) | **റവന്യൂ സെക്രട്ടറി, മലപ്പുറം ജില്ലാ കളക്ടർ, തിരൂർ റവന്യൂ ഡിവിഷൻ ഓഫീസർ എന്നിവരെ അഡ്രസ് ചെയ്ത് തിരൂർ താലൂക്കിലെ കാട്ടിപ്പരുത്തി വില്ലേജിൽ തൊഴവാന്നൂർ ദേശം ചോലയിൽ വീട്ടിൽ അബ്ദുൽ** |

| | | | |
|---|---|---|---|
| | അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | | **ഹമീദ് മലപ്പുറം, ജില്ലാ കളക്ടർക്ക് ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത അപേക്ഷ അദ്ദേഹത്തിന്റെ സഹോദരൻ ഖാദർ എന്ന വ്യക്തിയെ കാണാനില്ലെന്ന സാക്ഷ്യപത്രം അനുവദിക്കുന്നതുമായി ബന്ധപ്പെട്ടതായിരുന്നില്ല. മറിച്ച് മരിച്ച വ്യക്തിയുടെ സ്വത്ത് കൈമാറ്റം സംബന്ധിച്ചുള്ളതായിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ മലപ്പുറം, ജില്ലാകളക്ടർ DCMPM/11132/21-G6 നമ്പർ ഫയലിൽ നടപടി സ്വീകരിച്ച് 15/11/2021 ൽ തുടർ നടപടിക്കായി തിരൂർ, റവന്യൂ ഡിവിഷണൽ ഓഫീസർക്ക് കൈമാറുകയും, തിരൂർ, റവന്യൂ ഡിവിഷണൽ ഓഫീസർ പ്രസ്തുത അപേക്ഷ പരിശോധിച്ച് സഹോദരനെ കാണാതായത് സംബന്ധിച്ച് സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്.എച്ച്.ഒ) മുമ്പാകെ പരാതിപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കുവാൻ അപേക്ഷകന് കത്ത് നൽകുകയുമുണ്ടായി. പ്രസ്തുത രേഖകൾ നാളിതു വരെ ഹാജരാക്കാത്തതിനാൽ ടി അപേക്ഷയിന്മേൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഖാദർ എന്ന വ്യക്തിയെ കാണാനില്ലെന്ന സാക്ഷ്യപത്രം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധന നടത്തി ആവശ്യപ്പെട്ട കാര്യം ശരിയെന്ന് ഉറപ്പുവരുത്തി സാക്ഷ്യപത്രം അനുവദിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ